# ഭാരതീയ ജനതാ പാർട്ടി

(കേന്ദ്ര ഓഫീസ്)
11, അശോകാ റോഡ്, ന്യൂദൽഹി–1
ഫോൺ 2300570

ജനുവരി 30, 2014

## ബിജെപി ദേശീയ വക്താവ് പ്രകാശ് ജാവ്ദേക്കർ പുറപ്പെടുവിക്കുന്ന പ്രസ്താവന

1. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 8.25 ശതമാനം നിരക്ക് വർധിപ്പിക്കാനുള്ള പെട്ടെന്നുള്ള തീരുമാനം വിലക്കയറ്റം കുറയ്ക്കില്ലെന്ന് മാത്രമല്ല മറിച്ച് ഇന്ധനവിലയുൾപ്പെടെ വർധിപ്പിക്കുകയേ ഉള്ളൂ. യുപിഎ സർക്കാർ ബാങ്ക് നിരക്ക് കൂട്ടി, സിആർആർ, റിപ്പോ–റിവേഴ്സ് റിപ്പോ നിരക്കുകൾ പ്രത്യേകിച്ച് ഒരു ഫലവും ഉണ്ടാക്കിയില്ലെങ്കിലും അടിക്കടി വർധിപ്പിച്ചു. വിലക്കയറ്റം ചെറുക്കാനുള്ള തന്ത്രമെന്ന നിലയിൽ സർക്കാർ ആകെ ചെയ്തുകൊണ്ടിരിക്കുന്നത് ഇടക്കിടക്ക് നിരക്കുകൾ വർധിപ്പിക്കലാണ്.

എൻഡിഎ സർക്കാർ ഭരണത്തിലിരിക്കെ ബാങ്ക് നിരക്കും റിപ്പോ നിരക്കും ആറ് ശതമാനമായിരുന്നു. യുപിഎ അത് ഒമ്പത് ശതമാനം ആക്കി ഉയർത്തി. ഇതുമൂലം ഉയർന്ന പലിശ നിരക്കുണ്ടാക്കി, കയറ്റുമതി മേഖലക്ക് ഗുണവും ഇടത്തരക്കാരന്റെ ഇഎംഐ വർധനക്കു കാരണമാകുകയും ചെത്തു. ഈ സാമ്പത്തിക ബാധ്യത സാമ്പത്തിക മേഖലയെ സമ്പൂർണമായി ബാധിച്ചു.

യുപിഎ സർക്കാർ ഒരു ഘട്ടത്തിലും വിതരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചില്ല, അതിനാൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടു. മൻമോഹൻ സിംഗിനും ചിദംബരത്തിനും സാമ്പത്തിക പുനരുജ്ജീവനത്തിന്റെ കാര്യത്തിൽ ഉണ്ടായ പരാജയത്തിന്റെ പ്രതിഫലനമാണിത്.

2. പാചകവാതക സിലിണ്ടറിന്റെ എണ്ണം വർഷത്തിൽ 9 ൽനിന്ന് 12 ആക്കി ഉയർത്തുമെന്ന തീരുമാനമാണ് ജനങ്ങളെ സന്തോഷിപ്പിക്കാൻ യുപിഎ സർക്കാർ ശ്രമിക്കുന്നു. ജനങ്ങൾ പക്ഷേ കോൺഗ്രസിനെ പ്രശംസിക്കാൻ തയ്യാറല്ല. പകരം അവർ ചോദിക്കുന്നു ആരാണ് സിലിണ്ടർ ആറാക്കി ആദ്യം ചുരുക്കിയത് എന്ന്. ഈ തീരുമാനമാണ് എല്ലാം രംഗത്തും വിലവർധനക്ക് കാരണമാക്കിയത്. ഈ നടപടിയെ ജനങ്ങൾ ഒരിക്കലും മറക്കില്ല, പൊറുക്കില്ല. 2012 ജൂലായ് വരെ ജനങ്ങൾക്ക് ആവശ്യത്തിന് പാചകവാതകം കിട്ടുമായിരുന്നു സബ്സിഡി നിരക്കിൽ. യുപിഎ സർക്കാർ 2012 ആഗസ്റ്റിൽ അത് കുറച്ചു. യുപിഎ സർക്കാർ അധികാരത്തിലിരിക്കെ ഗ്യാസ് വില 224 രൂപയായിരുന്നു. ഇപ്പോൾ അത് 415 ആയി. ഓരോ സിലിണ്ടറും 1241 രൂപ കൊടുത്തു വാങ്ങണം. സർക്കാർ ഏറെ പെരുപ്പിച്ചു പറഞ്ഞ ഡിബിടിയുടെ നേട്ടം ഇനിയും പല കുടുംബങ്ങൾക്കും കിട്ടിയിട്ടില്ല.

അരുൺകുമാർ ജെയിൻ
(ഓഫീസ് സെക്രട്ടറി)